**കേരള പ്രസ് അക്കാദമി**
**കാക്കനാട് : കൊച്ചി - 30**

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ്
## ഈവനിങ്ങ് - മോർണിങ്ങ് ബാച്ചുകൾക്ക് അപേക്ഷിക്കാം.

പത്രക്കുറിപ്പ് നം.40/2010 തീയതി. 13..12..2010

സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള പ്രസ് അക്കാദമി നടത്തുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ മോർണിങ്ങ്, ഈവനിങ്ങ് ബാച്ചുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. മൂന്നുമാസം ദൈർഘ്യമുള്ള ഈ കോഴ്സ് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം കൈവരിച്ച് ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിലൂടെ വ്യക്തിത്വ വികസനം സാധ്യമാക്കുന്ന രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ജേർണലിസ്റ്റുകൾ, പ്രൊഫഷണലുകൾ, ബിസിനസ്സ് മേഖലയിലും സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്നവർ, ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, വിദേശത്ത് ജോലിക്ക് ശ്രമിക്കുന്നവർ, ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവർ എന്നിവർക്ക് കോഴ്സ് പ്രയോജനപ്രദമാണ്.

അപേക്ഷാ ഫോം 50രൂപയ്ക്ക് അക്കാദമി ഓഫീസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ കോഴ്സ് ഫീ 3000രൂപസഹിതം ഡിസംബർ 15മുതൽ കാക്കനാട് സിവിൽ സ്റ്റേഷന് സമീപമുള്ള പ്രസ് അക്കാദമിയിൽ സമർപ്പിക്കാം. അപേക്ഷാഫോറം നേരിട്ടോ പ്രസ് അക്കാദമിയുടെ വെബ്സൈറ്റിൽ (www.pressacademy.org.) നിന്നും ഡൗൺലോഡ് ചെയ്തോ ഉപയോഗിക്കാം. ഡൗൺലോഡ്ചെയ്ത അപേക്ഷ പൂരിപ്പിച്ച് നൽകുമ്പോൾ സെക്രട്ടറി, കേരള പ്രസ് അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന 3050രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും നൽകണം.

പൂരിപ്പിച്ച അപേക്ഷ ഡിസംബർ 30നകം അക്കാദമി ഓഫീസിൽ ലഭിക്കണം. ഫീസടക്കുന്ന ക്രമത്തിലായിരിക്കും പ്രവേശനത്തിന് മുൻഗണന. വനിതകൾക്ക് ഹോസ്റ്റൽ സൗകര്യമുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: **0484 2422275, 2422068.**

**സെക്രട്ടറി**